# കാർഷിക സംസ്കാരം

ഡോ. കെ.എം. ഫ്രാൻസീസ്

കേരള സർക്കാരും കൃഷിവകുപ്പും കൃഷിയുടെ ഉന്നമനത്തിനായി അനേകം പദ്ധതികൾ ആവിഷ്ക്കരിക്കുകയും കോടാനുകോടി രൂപ പദ്ധതികൾക്കായി ചിലവിടുകയും ചെയ്യുന്നു. എങ്കിലും കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന വളർച്ച 2019 – 20 ൽ പൂജ്യമാണ്. മാതാപിതാക്കൾ തങ്ങളുടെ മക്കൾ കർഷകരാകണം എന്ന് ചിന്തിക്കുന്നില്ല. കാർഷികവൃത്തി വരുമാനമാർഗ്ഗമായിട്ടുള്ള യുവാക്കളെ വിവാഹം കഴിക്കാൻ വിദ്യാസമ്പന്നരായ യുവതികൾ വിസമ്മതിക്കുന്നു. കർഷകനാകുക എന്നതാണ് എന്റെ ജീവിതത്തിലെ അഭിലാഷം എന്ന് പറയുന്നവരുടെ എണ്ണം ഇല്ലാതാകുന്നു. കർഷകരുടെ കടക്കെണിയെക്കുറിച്ചും കർഷക ആത്മഹത്യയെക്കുറിച്ചും വാർത്തകൾ പ്രത്യക്ഷപ്പെടുന്നു. ഒരു സമൂഹത്തിന്റെ നിലനിൽപ്പിന്റെ അടിത്തറയായ കാർഷികസംസ്കാരത്തിന് കേരളത്തിൽ എങ്ങിനെയാണ് വിലയില്ലാതായത്?

## കൃഷിയുടെ ആരംഭം

വർദ്ധിച്ചു വരുന്ന ജനസംഖ്യയെ തീറ്റിപ്പോറ്റാനുള്ള കഴിവ് പ്രകൃതിയ്ക്കില്ല എന്ന് മനുഷ്യൻ തിരിച്ചറിഞ്ഞതു മൂലമാണ് കൃഷി ലോകത്തിൽ ആരംഭിക്കുന്നത്. മനുഷ്യവർഗ്ഗം ഉൽപ്പാദിപ്പിച്ച് ഉപഭോഗം ചെയ്തില്ലായിരുന്നെങ്കിൽ നൂറ്റാണ്ടുകൾക്ക് മുമ്പേ പ്രകൃതിയിലുള്ള ജീവജാലങ്ങൾ ഇല്ലാതായേനെ. കൃഷി (agriculture), മൃഗപരിപാലനം(animal husbandry) എന്നീ രണ്ട് പ്രക്രിയയിലൂടെ ഭക്ഷ്യവസ്തുക്കൾ മനുഷ്യവർഗ്ഗം ഉൽപ്പാദിപ്പിക്കാൻ തുടങ്ങിയപ്പോഴാണ് പ്രകൃതിയുടെ മേലുള്ള മനുഷ്യന്റെ ആശ്രിതത്വം കുറയാനാരംഭിച്ച് മനുഷ്യൻ സ്വതന്ത്രനായത്. കൃഷി ആരംഭിച്ചില്ലായിരുന്നെങ്കിൽ എല്ലാ മൃഗങ്ങളെയും മനുഷ്യൻ ഭക്ഷിച്ച് അവസാനിപ്പിച്ചേനെ. മറ്റൊരു വിധത്തിൽ പ്രകൃതി സംരക്ഷിക്കപ്പെട്ടതിന്റെ ചരിത്രം കാർഷികവൃത്തിയുമായി ബന്ധപ്പെട്ടിരിക്കുന്നു.

കൃഷി ആരംഭിച്ച ചരിത്രമുഹൂർത്തത്തിൽ നിന്ന് കൃഷിരീതികൾക്കും കാർഷിക ഉൽപ്പന്നത്തിന്റെ ശ്രേണിയ്ക്കും വളരെയധികം വ്യത്യാസങ്ങൾ വന്നിട്ടുണ്ട്. കൃഷിയുടെ പ്രാഗ്‌രൂപം ഇന്നും ചില ആദിവാസി സമൂഹങ്ങൾ പിന്തുടരുന്നുണ്ട്. കാടിന്റെ ഒരു ഭാഗം സമൂഹം വെട്ടിവെളുപ്പിക്കുന്നു. അവിടെ കൃഷിയിറക്കുന്നു. ആ ഭാഗത്തെ മണ്ണിന്റെ ഫലഭൂയിഷ്ഠി കുറയുമ്പോൾ ആ സ്ഥലം ഉപേക്ഷിക്കുന്നു. മറ്റൊരു സ്ഥലത്തേക്ക് സമൂഹം ഒന്നടങ്കം മാറിപ്പോകുന്നു. ഇത്തരത്തിൽ ഒരു സ്ഥലത്തു നിന്ന് മറ്റൊരു സ്ഥലത്തേക്ക് മാറിമാറിപ്പോകുന്ന നാടോടി സംഘങ്ങളായി (Nomadic groups) ചെയ്തിരുന്ന നാടോടി കൃഷിരീതിയാണ് (Nomatic cultivation or shifting cultivation) മനുഷ്യവർഗ്ഗത്തിന്റെ ഉദയത്തിൽ ഉണ്ടായിരുന്നത്.

എന്നാൽ ആവർത്തിച്ചുള്ള കൃഷിയും ഫലമെടുക്കലും മൂലം ഭൂമിക്ക് നഷ്ടപ്പെടുന്ന ജലവും ഫലഭൂയിഷ്ഠതയും (fertility) കൃത്രിമമാർഗ്ഗത്തിലൂടെ സൃഷ്ടിച്ചെടുക്കാം എന്ന് മനുഷ്യൻ കണ്ടെത്തിയതോടെയാണ് സ്ഥിരമായി ഒരു സ്ഥലത്ത് താമസിച്ച് കൃഷി ചെയ്യാനും (sedentary agriculture) സ്ഥിരതാമസ സമൂഹമായി ജീവിക്കാനും ആരംഭിച്ചത്.

സ്ഥിരതാമസ കൃഷി കർഷകന് പല സാമൂഹികപ്രശ്നങ്ങൾ സൃഷ്ടിച്ചു. നാടോടി കൃഷിരീതിയിൽ ഭൂമിയെ കൃഷിഭൂമിയാക്കി രൂപാന്തരപ്പെടുത്തേണ്ട ആവശ്യമില്ല. ഭൂമിയിലെ മരങ്ങൾ വെട്ടി തീയിട്ട് ആ ചാരത്തിൽ മഴ പെയ്യുമ്പോൾ വിത്തെറിഞ്ഞാൽ ഭൂമി തന്നെ ഫലങ്ങൾ നൽകും. അതുകൊണ്ട് കാർഷിക ഉൽപ്പന്നമെന്നത് പ്രകൃതിയുടെ സമ്മാനമാണ്. പ്രകൃതിയിലെ സമ്പത്ത് എല്ലാ മനുഷ്യരുടെയും തുല്യഅവകാശമാണ്. അതിനാൽ കാർഷിക വിളകൾ എന്റേത്, നിന്റേത് എന്ന് വിഭജിക്കുക സാധ്യമല്ല, ഭൂമി എല്ലാവരുടെയും പൊതുസ്വത്താണല്ലോ.

എന്നാൽ സ്ഥിര താമസ കൃഷി സമ്പ്രദായത്തിൽ ഭൂമിയും കൃഷിഭൂമിയും രണ്ട് യാഥാർത്ഥ്യങ്ങളായി. ഭൂമി ദൈവത്തിന്റെ പ്രകൃതിയിലൂടെയുള്ള ദാനമാണ്, എന്നാൽ മനുഷ്യൻ തന്റെ അദ്ധ്വാനത്തിലൂടെ പ്രകൃതിയെ രൂപാന്തരപ്പെടുത്തിക്കൊണ്ടാണ് കൃഷിഭൂമി രൂപപ്പെടുത്തുന്നത്. ഇതിനായി മൂലധനം, സമയം, സാങ്കേതികവിദ്യ, കായികാദ്ധ്വാനം എന്നീ നാലു കാര്യങ്ങൾ ആവശ്യമായി വന്നു. എല്ലാ മനുഷ്യരും തങ്ങളുടെ കൈവശമുള്ളതെല്ലാം ഭൂമിയെ കൃഷിഭൂമിയാക്കാൻ ചിലവഴിക്കുമെങ്കിൽ എല്ലാവർക്കും കൃഷിഭൂമിയിൽ തുല്യാവകാശം നൽകാമായിരുന്നു. എന്നാൽ ചിലർ മാത്രമാണ് അത്തരമൊരു സാഹസത്തിന് മുതിർന്നത്. അതൊരു സാഹസികതയാണെന്ന് (risk taking) ഉന്നയിക്കാനുള്ള കാരണം അതിൽ നിന്ന് ലഭിക്കുന്ന ഉൽപ്പന്നത്തിന് ഉറപ്പില്ല എന്നതാണ്. കൃഷിയിൽ നിക്ഷേപിക്കുന്ന അദ്ധ്വാനം പാഴായിപ്പോകാനുള്ള സാധ്യത വളരെയേറെയാണ്. അതുകൊണ്ടാണ് കൃഷി വികസിക്കണം എന്ന് ആഗ്രഹമുള്ള സമൂഹം ഭൂമിയിൽ നിക്ഷേപിക്കാൻ തയ്യാറുള്ളവന് അതിലെ ഉൽപ്പന്നത്തിന്റെ അവകാശം ഉറപ്പു വരുത്താൻ ഭൂമി

www.malankaralibrary.com

യിലെ സ്വകാര്യ ഉടമസ്ഥാവകാശം നിയമപരമായി അംഗീകരിച്ച് നൽകിയത്. ഇത്തരമൊരു അംഗീകാരം സമൂഹം നൽകുകയും ഭരണകൂടം സംരക്ഷിക്കുകയും ചെയ്യുമ്പോഴാണ് കൃഷിയുടെ വികസനം സാധ്യമാകുക.

'കൃഷിഭൂമി കർഷകന്' എന്നത് അംഗീകരിക്കാൻ ജനങ്ങളും ഭരണകൂടവും തയ്യാറായതിന്റെ ചരിത്രം ഇസ്രായേൽ എന്ന രാജ്യത്ത് മാത്രമേ നിലനിന്നിരുന്നുള്ളൂ. കൃഷിഭൂമിയുടെ സ്വകാര്യ ഉടമസ്ഥാവകാശം നിലനിന്നിരുന്ന ലോകത്തിലെ ഏക സ്ഥലം ഇസ്രായേലായിരുന്നു. രാജാവിനു പോലും കർഷകന്റെ ഭൂമി ഏറ്റെടുക്കാൻ അവകാശമുണ്ടായിരുന്നില്ല (1 രാജാക്കന്മാർ 21:1-29, Roland de Vau, Ancient Israel, Volume 1). ലോകത്തിലുള്ള മറ്റ് എല്ലാ രാജ്യങ്ങളിലും ഭൂമി രാജാവിന്റെ സ്വന്തമായിരുന്നു. ഭരണാധികാരി ഭൂപതി എന്ന അപരനാമത്തിലാണ് അറിയപ്പെട്ടിരുന്നത്. രാജ്യത്തിലെ ഭൂമി മുഴുവൻ ഭരണാധികാരിയുടെ സ്വന്തക്കാർക്ക് വിഭജിച്ചു നൽകും. കർഷകരുടെ വരുമാനത്തിൽ നിന്ന് 30 മുതൽ 70 ശതമാനം വരെ ഭരണാധികാരികളുടെ സ്വന്തക്കാരായ വ്യക്തികൾ പിഴിഞ്ഞെടുത്തിരുന്നു. ഇവരെയാണ് ലോകചരിത്രത്തിൽ ജന്മിമാർ അഥവാ പ്രഭുക്കന്മാർ അഥവാ ഭരണകൂടത്തിനും കർഷകനുമിടയിലുള്ള ഇടനിലക്കാർ എന്ന് അറിയപ്പെട്ടിരുന്നത്.

ഈ പ്രക്രിയയിൽ ആരാണ് യഥാർത്ഥ കർഷകൻ? ജന്മിയോ, ഭൂമിയിൽ നിക്ഷേപം നടത്തുന്ന കർഷകനോ? കർഷകന് കൃഷിക്കാവശ്യമായ കായികാദ്ധ്വാനം നൽകുന്ന കർഷക തൊഴിലാളിയോ? മനുഷ്യവർഗ്ഗം ഉദയം ചെയ്തിട്ട് നൂറ്റാണ്ടുകൾ പിന്നിട്ടെങ്കിലും കൃഷിഭൂമി കർഷകന്(ജന്മിക്കോ, കർഷകതൊഴിലാളിക്കോ അല്ല) സ്വകാര്യ സ്വത്തായി നൽകണമെന്ന ചിന്ത യൂറോപ്പിൽ ഉദയം ചെയ്തത് പതിനാറാം നൂറ്റാണ്ടിൽ മാത്രമാണ്. പതിനേഴാം നൂറ്റാണ്ടിൽ ബ്രിട്ടനിൽ കർഷകന് ഭൂമിയിൽ സ്വകാര്യ സ്വത്താവകാശം ലഭ്യമായി. ഭൂമിയുടെ കൈവശാവകാശം ജന്മാവകാശമായി നൽകിയതിനു ശേഷമാണ് ബ്രിട്ടണിൽ കാർഷികവിപ്ലവം (agricultural revolution) സംഭവിക്കുന്നത്. കൃഷിഭൂമി കർഷകന് എന്ന മുദ്രാവാക്യം ഫ്യൂഡൽ വ്യവസ്ഥിതിയുടെ തകർച്ചയ്ക്ക് കാരണമാവുകയും യൂറോപ്പിൽ കാർഷിക ഉൽപ്പാദനം വർദ്ധിക്കുകയും ചെയ്തു.

ഈ പ്രക്രിയ സംഭവിച്ചുകൊണ്ടിരിക്കുമ്പോൾ പതിനാറാം നൂറ്റാണ്ടിൽ സാമ്പത്തികശാസ്ത്രം വികസിക്കുകയായിരുന്നു. സാമ്പത്തിക ശാസ്ത്രജ്ഞന്മാർ, ജന്മിയെയാണ് കർഷകനായി തെറ്റിദ്ധരിച്ചത്. അതുകൊണ്ട് കൃഷിയുടെ ഉടമസ്ഥനായ ഭൂവുടമ എന്ന ജന്മി "വിതയ്ക്കാത്തിടത്ത് കൊയ്യുന്ന കൊള്ളക്കാരനാണെ"ന്ന് ആദാം സ്മിത്ത് ഉൾപ്പെടെയുള്ള ചിന്തകന്മാർ ആരോപിച്ചു. രാജാവിന്റെ കങ്കാണിയായി ഭൂവുടമസ്ഥത കൈവശം വെച്ചിരിക്കുന്ന ജന്മിയും ഭൂമിയിൽ പണവും അദ്ധ്വാനവും ജീവിതവും നിക്ഷേപിക്കുന്ന കർഷകനും സാമ്പത്തികശാസ്ത്ര പുസ്തകങ്ങളിൽ ഭൂവുടമ (landlord) എന്ന ഏകപേരിനാൽ അറിയപ്പെട്ടു. ആദാംസ്മിത്തിനെ പിന്തുടർന്ന് കാറൽ മാർക്സ് തന്റെ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തി: കൃഷിഭൂമിയിലെ സ്വകാര്യ സ്വത്താവകാശം സമ്പൂർണ്ണമായി ഇല്ലായ്മ ചെയ്യണം. അതിനുശേഷം ഭൂമി ഭരണകൂടത്തിന്റെ പൊതു ഉടമസ്ഥതയിലാക്കി കൃഷി ചെയ്യണം. കാറൽ മാർക്സിന്റെ കൃഷിഭൂമിയുടെ ഉടമസ്ഥതാ അവകാശത്തെക്കുറിച്ചുള്ള പഠനം നടപ്പിലാക്കിയ റഷ്യയടക്കമുള്ള രാജ്യങ്ങളിലെ കൃഷി നശിച്ചു എന്ന് ചരിത്രം രേഖപ്പെടുത്തുന്നു.

യഥാർത്ഥ കർഷകൻ ആരെന്നും അവന്റെ പ്രവൃത്തിയെന്തെന്നും വിശകലനം ചെയ്യാൻ സാമൂഹ്യ സാമ്പത്തിക ശാസ്ത്രജ്ഞന്മാർ പരാജയപ്പെട്ടതിന്റെ അനന്തരഫലമാണ് കാർഷികവൃത്തി തകരുന്നതിന്റെ അടിസ്ഥാന കാരണം. ഏതെല്ലാം രാജ്യങ്ങളിൽ ജന്മിയും കർഷകനും കർഷകതൊഴിലാളിയും ഒന്നല്ല വ്യത്യസ്തമാണെന്ന് തിരിച്ചറിഞ്ഞ് കർഷകനെ സംരക്ഷിക്കുന്നുവോ അവിടെയെല്ലാം കൃഷി വികസിച്ചിട്ടുണ്ട്.

കേരളത്തിലെ കാർഷിക വ്യവസ്ഥ

മുകളിൽ വിശകലനം ചെയ്ത അതേ ഘടന കേരളത്തിലും നിലനിന്നിരുന്നു. കേരളത്തിലും ഭൂമിയെല്ലാം രാജാവിന്റേതായിരുന്നു. കേരളത്തിലെ ഭൂമിയെ പൊതുവായി ഇടനാട്, മലനാട്, തീരപ്രദേശം എന്നീ മൂന്ന് ഭാഗങ്ങളായി തരംതിരിക്കുന്നു. ഇതിൽ മലനാട്ടിലും തീരപ്രദേശത്തും കൃഷി ചെയ്യണമെങ്കിൽ മൂലധനനിക്ഷേപം കൂടുതലാണ്. മാത്രമല്ല, വിളനാശ സാധ്യതയും ജീവഹാനി സാധ്യതയും കൂടുതലാണ്. ഇടനാട്ടിൽ കൃഷി ചെയ്യാൻ അധികം മൂലധനം ആവശ്യമില്ല. കേരളത്തിലെ രാജാക്കന്മാരും ജന്മിമാരും ഇടനാട്ടിലെ ഭൂമിയിലാണ് കൃഷി ചെയ്തിരുന്നത്. ഭൂമിയുടെ അവകാശം മലനാട്ടിൽ ആദിവാസികളുടേതാണെന്ന് പറയുന്നത് പുസ്തകങ്ങളിൽ മാത്രമാണ്. ലോകത്തെമ്പാടുമെന്നപോലെ കേരളത്തിലും രാജാക്കന്മാരും അവരുടെ കങ്കാണികളായ ജന്മിമാരുമായിരുന്നു ഭൂമിയുടെ ഉടമസ്ഥർ, അത് കാടായാലും നാടായാലും.

www.malankaralibrary.com

ഭൂമിയുടെ ഉടമസ്ഥാവകാശം ജന്മാവകാശമായി നൽകാൻ ആരംഭിച്ചപ്പോൾ മാത്രമാണ് കേരളത്തിലും കൃഷി വികസിക്കാൻ ആരംഭിച്ചത്. തിരുവിതാംകൂർ രാജ്യത്തിന്റെ ദിവാനായിരുന്ന രാജാ കേശവദാസൻ (1754 – 1799) ആലപ്പുഴയെ വികസിപ്പിച്ച് ഒരു വ്യാപാരകേന്ദ്രമാക്കി മാറ്റുകയും ഭൂമിയിൽ ജന്മാവകാശം നൽകാൻ ആരംഭിക്കുകയും ചെയ്തു. 1865 ലെ പട്ടം പ്രഖ്യാപനത്തിലൂടെ കായൽനിലങ്ങൾ കൃഷിഭൂമി യായി പരിവർത്തിപ്പിച്ച് കൃഷി ചെയ്യുന്നവർക്ക് ധനസഹായം വാഗ്ദാനം ചെയ്തു. ഇത്തരം രേഖകൾ ചൂണ്ടിക്കാണിക്കുന്നത് ശാരീരിക അദ്ധ്വാനം കൊണ്ടുമാത്രം കായൽ നിലങ്ങളെ കൃഷിഭൂമിയാക്കി മാറ്റാൻ കഴിയില്ല എന്നതാണ്. തൃശൂർ ജില്ലയിലും മലപ്പുറം ജില്ലയിലുമായി വ്യാപിച്ചു കിടക്കുന്ന 'കോൾപ്പാടം' കായൽ നിലമാണ്. കായൽ നിലമെന്നാൽ സമുദ്രനിരപ്പിന് താഴെയുള്ള സ്ഥലം എന്നാണർത്ഥം. പ്രസ്തുത കായൽ നിലങ്ങളെ കൃഷി ചെയ്യാനുള്ള സാധ്യതയിലേക്ക് രൂപാന്തരപ്പെടുത്തിയെടുക്കാൻ കനാലുകൾ നിർമ്മിക്കുകയും അവയെ വൃത്തിയാക്കി നിലനിർത്തുകയും വേണം. ഇതിനാവശ്യമായ പണം നിക്ഷേ പിച്ചാൽ വിളവ് കിട്ടുമെന്ന് ഉറപ്പുണ്ടോ? ലാഭമുണ്ടായാൽ എല്ലാവർക്കും ഓഹരി വേണം. നഷ്ടമുണ്ടാ യാലോ? ലാഭത്തിൽ മാത്രം പങ്കുചേരുന്നവനാണ് ജന്മി. ലാഭത്തിലും നഷ്ടത്തിലും പങ്കു ചേരുന്നവ നാണ് കർഷകൻ. ലാഭമായാലും നഷ്ടമായാലും തൊഴിലിന് മിനിമം വരുമാനം കിട്ടുന്നവനാണ് കർഷക തൊഴിലാളി.

കർഷകൻ ഭൂമിയെ രൂപപ്പെടുത്തുക മാത്രമല്ല ചെയ്തിരുന്നത്. വർഷാവർഷങ്ങളിൽ കനാലുകളും പുഴ കളും വൃത്തിയാക്കുകയും അനേകം കുളങ്ങൾ കുഴിച്ച് വെള്ളം ശേഖരിക്കുകയും ചെയ്തിരുന്നു. വൃത്തി യുള്ള ജലത്തിലായിരുന്നു മത്സ്യസമ്പത്ത് വളർന്നിരുന്നത്. ഉൾനാടൻ കനാലുകളിലും കുളങ്ങളിലുമുള്ള മത്സ്യസമ്പത്ത് ഉൾനാടൻ മത്സ്യബന്ധനമെന്ന തൊഴിൽ പ്രദാനം ചെയ്തിരുന്നു. കാർഷികവൃത്തിയുടെ ഭാഗമായി വളർത്തുമൃഗങ്ങളും അവയിൽ നിന്ന് ലഭിക്കുന്ന ജൈവവളവും പാലുൽപ്പന്നങ്ങളും സമ്പദ്വ്യ വസ്ഥയേയും കൃഷിയേയും സമ്പുഷ്ടമാക്കി. എന്നാൽ സ്വാതന്ത്ര്യാനന്തര കേരളത്തിലെ രാഷ്ട്രീയ നേതൃത്വം കർഷകന് ലഭിച്ചിരുന്ന ലാഭം മാത്രമാണ് കണ്ടത്. ജന്മിയേയും യഥാർത്ഥ കർഷകനേയും വേർതിരിച്ചറിയുന്നതിൽ സ്വാതന്ത്ര്യാനന്തര കേരളത്തിലെ രാഷ്ട്രീയനേതൃത്വത്തിന്റെ പരാജയമാണ് ഇന്ന ത്തെ കാർഷിക പ്രതിസന്ധിയുടെ അടിവേര്. ജന്മിയും കർഷകനും ഒരാളായി ചിത്രീകരിച്ച്, കർഷക രെല്ലാം കൊള്ളക്കാരാണെന്ന് കേരളസമൂഹത്തിന്റെ പൊതുബോധത്തിലേക്ക് സന്നിവേശിപ്പിച്ചു. 20-ാം നൂറ്റാണ്ടിലുണ്ടായ ജനസംഖ്യാ വർദ്ധനവ് സൃഷ്ടിച്ച ഭക്ഷ്യക്ഷാമമെന്ന താൽക്കാലിക പ്രതിഭാസം നൽകിയ ലാഭമായിരുന്നു കർഷകന്റേതെന്നു തിരിച്ചറിയാൻ സാമ്പത്തിക ശാസ്ത്രജ്ഞന്മാർക്കോ, രാഷ്ട്രീയനേതൃ ത്വത്തിനോ കഴിഞ്ഞില്ല.

മൺസൂണിന്റെയും പ്രകൃതിയുടെയും കനിവിൽ മാത്രം ലഭിച്ചിരുന്ന കർഷകന്റെ ലാഭത്തിൽ കൂടുതൽ ഓഹരി ലക്ഷ്യം വെച്ച് നടത്തിയ കർഷകതൊഴിലാളി സമരങ്ങൾ 1965 മുതൽ 1975 വരെ അരങ്ങേറി. മാത്രമല്ല, 1975 ആയപ്പോഴേക്കും ഇന്ത്യയിൽ കൃഷി ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിൽ ഗണ്യമായ വർദ്ധ നവുണ്ടായി. വ്യവസായ ഉൽപ്പന്നങ്ങളെ അപേക്ഷിച്ച് കൃഷി ഉൽപ്പന്നങ്ങളുടെ വില വർദ്ധിച്ചില്ല. വിളനാ ശം, വിലയിടിവ്, തൊഴിലാളി സമരം, പൊതുസമൂഹത്തിന്റെ വിതയ്ക്കാത്തിടത്ത് കൊയ്യുന്ന കൊള്ളക്കാ രൻ എന്ന വിളിയും. ഇതെല്ലാം സഹിക്കുന്നതാണോ അതോ സ്ഥിരം വരുമാനമുള്ള ഒരു ജോലി നോക്കു ന്നതാണോ നല്ലത്? സ്വാഭാവികമായും കേരളീയന്റെ മനസ്സിൽ കൃഷി മരിച്ചു. 1975 മുതൽ കേരളത്തിൽ നെല്ലുൽപാദനം ഗണ്യമായി കുറഞ്ഞു.

തീരപ്രദേശത്തുള്ള നെൽ കർഷകൻ അനുഭവിക്കുന്ന അതേ പ്രശ്നം തന്നെ മലയോരമേഖലയിലെ കർഷ കനും അനുഭവിക്കുന്നു. ജീവിതം മുഴുവൻ നിക്ഷേപിച്ചാലേ ഭൂമിയെ കൃഷിഭൂമിയാക്കാൻ കഴിയുകയു ള്ളൂ. 1965 മുതൽ കൃഷി ചെയ്യുന്ന കർഷകനുപോലും ഭൂമിയിൽ സ്വകാര്യസ്വത്താവകാശം നൽകാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല.

കൃഷിയും പ്രകൃതിയും

കൃഷി നശിക്കുന്നതോടെ ഇല്ലാതാകുന്നത് കൃഷി മാത്രമല്ല, കുളങ്ങൾ, ചെറിയ തോടുകൾ, ചെറുകനാ ലുകൾ, കനാലുകളും പുഴകളും തമ്മിൽ ബന്ധിപ്പിക്കുന്ന വലിയ തോടുകൾ, പുഴകൾ, ഇവയിലെല്ലാം അടിഞ്ഞുകൂടുന്ന മണലും എക്കലും മണ്ണും വർഷാവർഷങ്ങളിൽ വൃത്തിയാക്കിക്കൊണ്ടിരിക്കുന്ന ഒരു മഹാസംവിധാനമായി കാർഷികവൃത്തി. കർഷകൻ എന്ന വംശം ഇല്ലാതാകുന്നതോടെ ചെറുതോടുകളും കുളങ്ങളും അപ്രത്യക്ഷമായി. ഉൾനാടൻ മത്സ്യസമ്പത്ത് നശിച്ചു. അമ്പത് വർഷം മുമ്പ് പാടവരമ്പിലൂടെ നടക്കുമ്പോൾ തോടുകളിലെ വെള്ളം കുടിക്കാമായിരുന്നു. ശുദ്ധജലം അപ്രത്യക്ഷമായി. നാടൻ പശു ക്കളും പോത്തുകളും കാളകളും ഇല്ലാതായി. കർഷകനുണ്ടായിരുന്നുവെങ്കിൽ പ്രകൃതി സംരക്ഷിക്കപ്പെ ടുമായിരുന്നു. ഇനിയെങ്കിലും തിരിച്ചറിയൂ... ഉദ്യോഗസ്ഥന്മാർക്കോ, മന്ത്രിമാർക്കോ, ചിന്തകന്മാർക്കോ,

www.malankaralibrary.com

സിനിമാനടന്മാർക്കോ, അധ്യാപകർക്കോ പ്രകൃതിയെ സംരക്ഷിക്കാൻ കഴിയില്ല. കർഷകർക്കു മാത്രമേ കഴിയൂ. അതുകൊണ്ട് കർഷകനെ സംരക്ഷിക്കുകയെന്നത് രാഷ്ട്രത്തിന്റെ മുഖ്യ അജണ്ടയായി മാറട്ടെ. അവരായിരുന്നു ചെറിയ തോടുകളും കുളങ്ങളും പുഴകളും വൃത്തിയാക്കുകയും നിലനിർത്തുകയും ചെയ്തിരുന്നത്. കൃഷി എന്നത് പ്രകൃതിയെ സംരക്ഷിച്ചിരുന്ന മഹാസംവിധാനമായിരുന്നു. സംവിധാനങ്ങൾ പരിഷ്ക്കരിക്കുന്നതിനു പകരം തകർക്കാനാണ് പലരും ശ്രമിച്ചത്. സംവിധാനങ്ങൾ രൂപപ്പെടുന്നതു തന്നെ നൂറ്റാണ്ടുകളിലൂടെയാണ്. അവ പരിഷ്ക്കരിക്കുന്നതിനുപകരം തകർത്തെറിഞ്ഞതിന്റെ അനന്തരഫലമാണ് കൃഷിനാശവും പ്രകൃതിനാശവും. മാറ്റുവിൻ ചട്ടങ്ങളെ എന്നത് പൂർണ്ണ ശരിയല്ല, പരിഷ്ക്കരിക്കുവിൻ ചട്ടങ്ങളെ എന്നതാണ് ശരി.